Monthly Newsletter of
**THE INDIAN PENTECOSTAL CHURCH OF GOD - BAHRAIN**

✶ *Glorious service in Bahrain since 1956* ✶ Issue No. 82 - July 2024

IPC VOICE



# ഉണ്ട്, നമുക്കൊരു സുവിശേഷം

• പാസ്റ്റർ വി. പി. ഫിലിപ്പ്

ലോകത്തോട് വിളിച്ചു പറയുവാൻ സഭയ്ക്ക് എന്നും ഒരു നല്ല വാർത്തയുണ്ട്. ആ നൽവാർത്ത യേശുക്രിസ്തുവിന്റെ സുവിശേഷമാണ്. ബാഡ് ന്യൂസിന്റെയും ഫെയ്ക്ക് ന്യൂസിന്റെയും ലോകത്ത് പങ്കുവെയ്ക്കുവാൻ ഒരു ഗുഡ്ന്യൂസ്, അതാണ് എന്നും കാലിക പ്രസക്തിയുള്ള യേശുവിന്റെ സുവിശേഷം. ആ സുവിശേഷത്തിന്റെ സാക്ഷികളാകുവാൻ നമുക്ക് ലഭ്യമായ പദവി വലുതാണ്. എന്താണ് സുവിശേഷം?, ആരാണ് സുവിശേഷം?, സുവിശേഷത്തിന്റെ പങ്കാളി എന്നാൽ എന്ത്?, സുവിശേഷ വേല എന്ത്? എന്നീ ചോദ്യങ്ങളുടെ മറുപടിയാണ് വളരെ ലളിതമായി ഇവിടെ പങ്കുവെയ്ക്കുന്നത്. സാധാരണക്കാർ മുതൽ പണ്ഡിതന്മാരും ഭരണ തന്ത്രജ്ഞൻമാരും ക്രൈസ്തവ സഭാചരിത്രത്തിൽ സുവിശേഷ വേല ചെയ്തതിന്റെ മഹത്വം മന സ്സിലാക്കുക.

**1. എന്താണ് സുവിശേഷം? (What is Gospel?)**

ആശയ വിനിമയ പ്രക്രിയയിൽ ദാതാവ്, സന്ദേശം, മാധ്യമം, ഗ്രഹിതാവ് (Sender, Message, Channel, Receiver) എന്നിവയാണ് അടിസ്ഥാന ഘടകങ്ങൾ. സന്ദേശം പറയുവാൻ ഒരു വ്യക്തി, കേൾക്കുവാൻ മറ്റൊരാൾ. പറയുവാൻ ഒരു മാധ്യമവും ഉണ്ട്, എന്നാൽ ഒരു സന്ദേശം അനി വാര്യമാണ്. എക്കാലത്തും ഏതൊരു രാജ്യത്തും ഏതൊരു ഭാഷയിലും ഏറ്റവും അധികം സംവേദനം ചെയ്യപ്പെട്ട സന്ദേശം സുവിശേഷമാണ്. വിശുദ്ധ പൗലോസാണ് സുവിശേഷത്തെ ഏറ്റവും മനോഹരമായി നിർവ്വചിച്ചിരിക്കുന്നത് "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അത് ആകുന്നു എന്റെ സുവിശേഷം" (2തിമോ. 2:8). ഈ നിർവ്വചനത്തിനകത്ത് സുവിശേഷത്തിന്റെ ആന്തരീക സത്ത അടങ്ങിയിരിക്കുന്നു. യേശുവിന്റെ ജനനം, ശുശ്രൂഷ, പാപികൾക്കുവേണ്ടിയുള്ള ക്രൂശ് മരണം, ഉയർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, വീണ്ടുംവരവ് എന്നിവയിൽ നിറഞ്ഞു നിൽക്കുന്നതാണ് സുവിശേഷം. സുവിശേഷത്തിന്റെ മനോഹരമായ ഒരു പ്രഖ്യാപനം യോഹന്നാൻ 3:16ൽ വായിക്കാം. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു". 'ലോകത്തെ സ്നേഹിച്ചു' എന്ന ഇടത്ത് 'എന്നെ സ്നേഹിച്ചു' അല്ലെങ്കിൽ 'നമ്മെ സ്നേഹിച്ചു' എന്ന് പറയുന്നതാണ് ഉത്തമം.

**2. ആരാണ് സുവിശേഷകൻ? (Who is an evangelist?)**

യേശുക്രിസ്തുവിന്റെ സുവിശേഷം വിളിച്ചു പറയുന്നവനാണ് സുവിശേഷകൻ അഥവാ യേശുവിന്റെ നാമത്തിന്റെ സാക്ഷി. സുവിശേഷം എന്താണെന്ന് നിർവ്വചിച്ചതിന് ശേഷം പൗലോസ് പറയുന്നത് ശ്രദ്ധേയമാണ്. "അത് അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവർത്തിക്കാരൻ എന്ന പോലെ ചങ്ങല ധരിച്ചു കഷ്ടം സഹിക്കുന്നു. ദൈവവചനത്തിനോ ബന്ധനം ഇല്ല.

അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യ തേജസ്സോടുകൂടെ വൃതന്മാർക്ക് കിട്ടേണ്ടതിന് ഞാൻ അവർക്കായി സകലവും സഹിക്കുന്നു" (2തിമോ. 2:9,10). അതേ പൗലോസ് തന്നേ വീണ്ടും പറയുന്നു, "ആ സുവിശേഷത്തിന് ഞാൻ പ്രസംഗിയും അപ്പോസ്തോലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു" (2തിമോ. 1:11). യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുവാൻ നമുക്ക് ലഭിച്ച ഭാഗ്യമാണ് ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതം. അതോടൊപ്പം തന്നെ ഒരു സുവിശേഷകനായി തീരുവാൻ കഴിഞ്ഞത് ദൈവം നൽകിയ പദവിയും നിയോഗവും ആണ്.

### 3. സുവിശേഷത്തിന്റെ ഒരു പങ്കാളി (A partner for the Gospel of Jesus)

സുവിശേഷത്തിന്റെ ഒരു പങ്കാളി എന്ന പദം ഏറ്റവും ഫലവത്തായി ഉപയോഗിച്ചിരിക്കുന്നതും വിശുദ്ധ പൗലോസ് തന്നെയാണ്. "സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിന് ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു" (1കൊരി. 9:23). പൗലോസ് പങ്ക് വെച്ചത് മറ്റൊരു സുവിശേഷമല്ല. സുവിശേഷം പങ്കുവെയ്ക്കുന്നതിലൂടെ ഈ ഭൂമിയിൽ എന്തെങ്കിലും നേടുവാനും താൻ ആഗ്രഹിച്ചില്ല. പകരം സുവിശേഷത്തിൽ പങ്കാളി ആകുന്നതിലൂടെ തന്റെ ജീവിതം യേശുക്രിസ്തുവിൽ നിക്ഷേപിച്ചു. അവിടെ സുവിശേഷത്തിനുവേണ്ടി എന്തും ആയിത്തീരുവാൻ താൻ സമർപ്പിതനായിരുന്നു. അതാണ് പങ്കാളിത്തം.

പൗലോസിന്റെ വാക്കുകളിൽ "ബഹുസഹിഷ്ണത, കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അദ്ധ്വാനം, ഉറക്കിളപ്പ്, പട്ടിണി, നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ, പരിശുദ്ധാത്മാവ്, നിർവ്യാജസ്നേഹം, സത്യവചനം, ദൈവശക്തി എന്നിവയിലും ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട് മാനാപമാനങ്ങളും ദുഷ്കീർത്തി സൽകീർത്തികളും അനുഭവിച്ചും ചതിയന്മാരെന്നിട്ടും സത്യവാന്മാർ, ആരും അറിയാത്തവർ എന്നിട്ടും എല്ലാവരും നല്ലവണ്ണം അറിയുന്നവർ, മരിക്കുന്നവർ എന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു; ശിക്ഷിക്കപ്പെടുന്നവർ എന്നിട്ടും കൊല്ലപ്പെടാത്തവർ; ദരിദ്രർ എങ്കിലും പലരേയും സമ്പന്നർ ആക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവരായി തന്നെ"(2കൊരി. 6:5-10) എന്ന് വിവരിച്ചിരിക്കുന്നത് സുവിശേഷത്തിൽ ഒരു പങ്കാളിയായതിന്റെ തീവ്രമായ അനുഭവമാണ്. പൂവും പവിഴവും വിതറിയ പാതയിലൂടെ അല്ല, കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ, തകർന്ന കപ്പലിലും, ഇരുമ്പു ചങ്ങലകൾ പരിമിതപ്പെടുത്തിയ ജയിലറയിലും, ഒട്ടിയ വയറിലും പൗലോസ് എന്ന സുവിശേഷകൻ സുവിശേഷത്തിന്റെ ഒരു പങ്കാളിയായി മാറി.

### 4. എന്താണ് സുവിശേഷ വേല? (What is the duty of a Gospel worker?)

സുവിശേഷ വേല എന്നത് ഒരു അലങ്കാര പദവി അല്ല. സുവിശേഷം അറിയിക്കുന്ന സമർപ്പണമുള്ള അനുഭവമാണ്. "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലാ എങ്കിൽ എനിക്ക് അയ്യോ കഷ്ടം; ഞാൻ അത് മനപൂർവ്വം നടത്തുന്നു എങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്; മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ സമർപ്പിച്ചിരിക്കുന്നു" (1കൊരി. 9:16,17). സുവിശേഷ വേല എന്നത് രക്ഷിക്കപ്പെട്ട എല്ലാ ദൈവമക്കളുടെയും ദൗത്യമായിരിക്കണം. നമ്മൾ പങ്കു വെക്കാതെ മറ്റുള്ളവർ എങ്ങനെ അറിയും. ആധുനിക മാധ്യമങ്ങളിലൂടെ ഈ സുവിശേഷം പങ്കുവെയ്ക്കാം. എന്നാൽ സുവിശേഷ വേലയുടെ എക്കാലത്തും ഫലവത്തായ മാധ്യമം വ്യക്തിപരമായ സുവിശേഷ വേലയാണ്.

### ഉപസംഹാരം

യേശുക്രിസ്തു നൽകുന്ന നിയോഗവും അപ്പോസ്തോലിക മാതൃകയും നമ്മിൽ പകരപ്പെട്ട പരിശുദ്ധാത്മ ശക്തിയും സുവിശേഷത്തിന്റെ സാക്ഷികളാക്കി നമ്മെ തീർക്കട്ടെ. അതൊരു ജീവിത ശൈലിയായി മാറട്ടെ. സുവിശേഷത്തിന്റെ ഒരു പങ്കാളിയായി നഷ്ടവും ലാഭവും കഷ്ടവും വഹിക്കുവാൻ സമർപ്പിതരാവാം.

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും,
7. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക
8. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും
9. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി
10. For all those who are planning to get married so that they find the right partner
11. For those who are seeking for a job and looking for a promotion in their current jobs
12. For those who are under pressure on thier job and facing visa and other problems
13. For our youngsters studying in Schools & Professional Colleges in and out of Bahrain
14. Pray for Pastor V P Philip and family and his ministry
    Pr. M J David and family | Pr. Jaison and family |
    Elders: Madhusoodhan and family | George Mathew and family | Manoj and family.
15. For Church council, Office bearers, Church Choir, Sunday School, Youth Meetings.
16. For all those who are in India on vacation.
17. For all who is unwell and need our prayers:
    *Sis. Lillykutty Andrews *Br. Cherian Mathews *Br. Shiju Samuel *Sis. Mini Ponnachan
    *Mother of Bindhu Dhaneesh *Mother of Silu Lovinson *Sis. Sanju *Sis. Sheeba (USA)
    *Br. Pradeep (TVM) *Mother of Tino Kuriakose *Br. Jose Kalayapuram *Sis. Sigi *Sis. Manju
20. For all other PRAYER REQUESTS which cannot be shared.

## സ്തോത്രത്തിന്

### JUNE

#### BIRTHDAYS

| | |
|---|---|
| Jul 03 | Alina Sara Binoy |
| Jul 03 | Roy Mathews |
| Jul 04 | Blesson John |
| Jul 04 | Nevon John Selvin |
| Jul 04 | Aaron Vinu John |
| Jul 05 | David M Josrph |
| Jul 05 | Jacob Thomas Joy |
| Jul 07 | Aidan Mathew Titus |
| Jul 10 | Betsy Mathew |
| Jul 10 | Alexandra Sam |
| Jul 15 | Sujith Raju |
| Jul 17 | Jenita Mary |
| Jul 19 | Jubin V Philipose |
| Jul 19 | Silu Kurien |
| Jul 19 | Elizabeth Prasad |
| Jul 20 | George Mathew |
| Jul-20 | Valsamma Abraham |
| Jul 25 | Shajan Mathew |
| Jul 29 | Neena Philip |
| Jul-29 | Titus Samuel |

#### WEDDING ANNIVERSARY

| | |
|---|---|
| Jul 01 | Joy Thomas & Jessy |
| Jul 12 | Salin Meledath & Jincy |
| Jul 20 | Roy Mathews & Jaya |
| Jul 21 | Jerin K Oommen & Feby |
| Jul 24 | Akil John Johnson & Jeslin |

### ചാൾസ് ഫിന്നിയും നെയ്ത്ത് ശാലയിലെ തൊഴിലാളികളും

ചാൾസ് ഫിന്നി അറിയപ്പെടുന്നത് ആധുനിക ഉണർവ്വ് പ്രസ്ഥാനത്തിന്റെ പിതാവ് എന്നാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മാത്രമല്ല സാന്നിദ്ധ്യം പോലും ജനങ്ങളിൽ പാപബോധവും കൂട്ടനിലവിളിയും ഉയർത്തി. ഒരിക്കൽ പ്രസംഗത്തിനായി ഒരു നെയ്ത്തുശാലയിൽ ഫിന്നി വരുന്നുവെന്ന് കേട്ടപ്പോൾ തന്നെ നെയ്ത്ത് ശാലയിലെ തൊഴിലാളികൾ പാപബോധത്തോടെ കരയുവാൻ തുടങ്ങി. അവരെയെല്ലാം മാനസാന്തരത്തിലേക്ക് പ്രസംഗത്തിലൂടെ നയിച്ചു.

മറ്റൊരിക്കൽ ചാൾസ് ഫിന്നിയുടെ ഉണർവ്വ് യോഗത്തിൽ പങ്കെടുക്കുവാൻ പോയ ഒരു ഗ്രാമീണൻ യോഗസ്ഥലത്തിന് ഒരു മൈൽ സമീപേ എത്തിയപ്പോൾ പാപബോധം അനുഭവപ്പെട്ടു. ഒരു പ്രത്യേക ആത്മീയ ചൈതന്യം തനിക്കുണ്ടായി. അന്നു രാത്രിയിലെ യോഗത്തിൽ ആ വ്യക്തിയും യേശുവിനെ കണ്ടു മുട്ടി.



IPC Bahrain wishes a Happy Married Life to **Dennis & July**



# IPC BAHRAIN

GLORIOUS SERVICE IN THE KINGDOM SINCE 1956

THE FIRST PENTECOSTAL CHURCH IN THE MIDDLE EAST

## CHURCH MEETING & ACTIVITIES SCHEDULE

| MEETING | VENUE | TIME |
|---|---|---|
| SUNDAY SERVICE | THE NEW INDIAN SCHOOL, ISA TOWN | 7:00 - 9:00 PM |
| THURSDAY SERVICE (MAIN) | THE NEC FELLOWSHIP HALL, MANAMA | 8:15 - 10:00 PM |
| FASTING PRAYER (FRIDAY)* | CHURCH VILLA, SALMANIYA | 9:30 - 11:30 AM |
| SISTERS MEETING (SATURDAY) | CHURCH VILLA, SALMANIYA | 9:00 - 11:00 AM |

* Chain Prayer will be conducted on 1st Friday of every month at Church Villa, Salmaniya (9:30 - 12:30 PM).

| KIDS / YOUTH ACTIVITIES | | |
|---|---|---|
| SUNDAY SCHOOL (THURSDAY) | THE NEC FELLOWSHIP HALL, MANAMA | 7:00 - 8:15 PM |
| PYPA MEETING (3rd FRIDAY) | CHURCH VILLA, SALMANIYA | 11:00 - 1:00 PM |

For Transportation and further details:

39955370 (Secretary) | 33348997 (Pastor In-charge)

Please send your prayer requests, articles & feedback to

**Pr. V.P. Philip - 33348997 / Roy Mathews - 39856057**

ipcbahrain www.ipcbahrain.org

(For private circulation among church members only)